


ലിറ്റിൽകൈറ്റ്സ് 22-23

വി പി എസ് മലങ്കര എച്ച് എസ്  എസ് വെങ്ങാനൂർ

ലിററിൽകൈററ്സുകൾ
സമർപ്പിക്കുന്നു

# ഉഷഃകിരണങ്ങൾ

**ഡിജിറ്റൽ മാഗസിൻ**

വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ

വായനയുടെയും അറിവിന്റെയും അതോടൊപ്പം സർഗ്ഗാത്മകതയുടെയും ലോകത്തേയ്ക്കാണ് വിദ്യാലയ ജീവിതം കുട്ടികളെ എത്തിക്കുന്നത്. നമ്മുടെ ചുറ്റുമുള്ള ഈ ലോകത്തെ അറിയുന്നതോടൊപ്പം ചിന്തിക്കാനും ഭാവന കാണാനും പ്രതിഭാധനനാകാനും വിദ്യാലയം അവരെ പ്രാപ്തരാക്കുന്നു. സൃഷ്ടിപരമായപ്രവർത്തനങ്ങൾ അവനിലെ മൂല്യങ്ങൾ വളർത്തുന്നു . അതോടൊപ്പം വ്യക്തിത്ത്വത്തെയും.

**ലിററിൽകൈറ്റ്സ്**

## ഏവർക്കും സ്വാഗതം

വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ

# ആശംസ



പ്രഥമാധ്യാപിക ശ്രീമതി എം ആർ ബിന്ദു

അറിവിന്റെ ലോകത്തിലേയ്ക്കു മാത്രമല്ല വിദ്യാലയാനുഭവങ്ങൾ കുട്ടികളെ എത്തിക്കേണ്ടത്. അവരുടെ ലോകം ഭാവനയുടെയും സർഗ്ഗാത്മകതയുടെയും നിറം പിടിച്ച ക്യാൻ വാസുകൾ കൂടിയാണ്. അവയെ പരിപോഷിപ്പിക്കാൻ കൂടി നല്ല അനുഭവങ്ങൾ നൽകേണ്ടതുണ്ട്. അവരിലെ സൃഷ്ടി വൈഭവങ്ങൾ സാങ്കേതികതയുടെ പടവുകൾ ചവിട്ടികയറുന്ന ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സുകൾ പുറത്തിറക്കുകയാണ്. ഉഷഃകിരണങ്ങൾ എന്ന പേരിൽ. എല്ലാ ആശംസകളും നേരുന്നു.

## ആശംസ



ഐ ടി കോർഡിനേറ്റർ ശ്രീമതി സുദീപ്തി

സാങ്കേതിക വിദ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിനാൽ നമ്മുടെ കുഞ്ഞുങ്ങളെ ഈ മേഖലയിൽ ഇനിയും മുന്നോട്ട് നയിക്കേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം സാങ്കേതികവിദ്യയുടെ വ്യത്യസ്തമായ ലോകങ്ങൾ കീഴടക്കാൻ അവർക്ക് ചിറകുകൾ നൽകുന്നു. അതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ ഉൾക്കൊള്ളുന്ന ഉഷാകിരണങ്ങൾ എന്ന മാഗസിൻ പുറത്തിറങ്ങുകയാണ്. കുരുന്നു മനസ്സുകളിൽ മൊട്ടിട്ട, ഭാവനയുടെ മനോഹാരിത തുളുമ്പി നിൽക്കുന്ന പ്രസ്തുത മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

# താളുകളിലൂടെ


അമ്മയെന്നൊരറ്റകൈ........ 2
ദുരന്ത ഭൂമി........ 4
മാറുന്ന പ്രപഞ്ചം........ 5
സ്പോർട്സ്........ 7
മൗനം........ 8
എന്റെ വിദ്യാലയം........ 10
പുഴ........ 11
പുഴ........ 12
സ്നേഹം വിളമ്പിയ കൈ........ 13
പത്രങ്ങളുടെ പ്രാധാന്യം........ 15
ദേശീയ ചിഹ്നങ്ങൾ........ 16
കടലോരത്ത് ഒരു ബാലൻ........ 17
ശാസ്ത്രം-മനുഷ്യന്റെ സുഹൃത്ത്........ 19
രക്ഷിക്കാം ഭൂമിയെ........ 20
അക്ബർ(1542-1605)........ 21
ഉതകമണ്ഡലത്തിലേക്ക് ഒരു യാത്ര........ 22
രുചിവൈകല്യം........ 23
മാറുന്ന പ്രപഞ്ചം........ 24
മൗനം........ 26
കെടാവിളക്ക്........ 28
അമ്മ എന്ന ദൈവം........ 29
സാക്ഷരതയുടെ പ്രാധാന്യം........ 30
സ്ത്രീകൾ തൊഴിൽ നേടണം........ 31
ഇനി ആ തണലിൽ........ 32
കരുതൽ........ 34
ദുരന്തം........ 35
ഇംഗ്ലീഷിന്റെ പ്രാധാന്യം........ 36
........ 36

# അമ്മയെന്നൊരറ്റകൈ

ഒരു കുടുംബം അതിന്റെ അച്ഛൻ,അമ്മ,പിന്നെ ഒരു മകൻ.അച്ഛൻ ഒരു മദ്യപാനിയായിരുന്നു. എല്ലാദിവസവും വീട്ടിൽ വന്ന് വഴക്കും ബഹളവുമായിരുന്നു.അമ്മ ദിവസവും 7 മണിക്ക് എഴുന്നേറ്റ് വീടുപണിക്ക് പോകും അച്ഛൻ ഒരിക്കലും പണികൾക്കൊന്നും പോകാറില്ല വീട്ടിൽ തന്നെയാണ്.എപ്പേഴും അപ്പോൾ ആ മകനും അച്ഛനും മാത്രമുള്ള സമയത്ത് അച്ഛൻ അവിടെയിരുന്ന് മദ്യപിക്കും.ഈ അച്ഛൻ അബോധഅവസ്ഥയിലാകുമ്പോൾ തന്റെ മകനു മധ്യം കൊടുക്കുയായിരുന്നു.അങ്ങനെ മകന് ശീലമായി വലുയായി വളർന്ന് 10-ആം ക്ലാസിൽ പഠിക്കുമ്പോഴാണ് അവന്റെ അച്ഛൻ മരിക്കുന്നത്.അവന് ദിവസവും തന്റെ അമ്മ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു.മദ്യപിക്കരുത് അങ്ങനെയാണ് അച്ഛൻ മരിച്ചത് എന്ന് പറയും പക്ഷേ മകൻ ഇതോന്നും കേൾക്കാതെ തന്റെ മദ്യപാന ശീലം തുടർന്നു കൊണ്ടിരിന്നു.അങ്ങനെ അവന്റെ അമ്മ അവന് ഒരു കല്ല്യാണം ഉറപ്പിച്ചു കല്ല്യാണം കഴിക്കുന്നതിന് രണ്ട് മാസം മുമ്പ് മദ്യാപനശീലം അവൻ ഒഴുവാക്കി അങ്ങനെ കല്ല്യാണം കഴിഞ്ഞു. കുറെ കൂട്ടുകാർ ഒരു ദിവസം അവന്റെ വീട്ടിൽ വന്നു. മദ്യാപിക്കാതെ ഇരുന്ന് അവനെ കൊണ്ട് അവർ മദ്യം കുടിപ്പിച്ചു.അവർ എല്ലാം വീട്ടിൽ തന്നെ തിരിച്ചു പോയി.അവൻ പിന്നെയും മദ്യാപനം തുടങ്ങി അങ്ങനെ ഇവനും അവന്റെ അച്ഛനെ പോലെയായി

വീട്ടിൽ വന്ന് ബഹളവും അയിരും കൊണ്ട് സഹികെട്ട് അവന്റെ ഭാര്യ അവനെ വിട്ടുപോയി.

അവൻ ആരുപറഞ്ഞിട്ട് കേൾക്കാതെ പിന്നെയും ആവർത്തിച്ചു കൊണ്ടിരുന്നു.അങ്ങനെ അവന് മദ്യപിച്ച് മദ്യാപിച്ച് കരൾ രോഗം പിടിപെട്ടും.ഒരു പാനിയും പോലും കുടിക്കാൻ പാറ്റാതൊയി അപ്പോൾ ഡോക്ടർ അവന്റെ അമ്മയോട് പറഞ്ഞു.ആരെക്കു ഒരാൾ അവനെ ശുശ്രൂക്ഷിച്ചു. അവന്റെ അമ്മ അവനെ നോക്കി പരിപാലിച്ചു.അവന്റെ രോഗം മാറ്റി. അപ്പോൾ അവന്റെ അമ്മ അവൻ സ്നേഹത്തോടെ കരഞ്ഞു കൊണ്ട്

കെട്ടിപ്പിടിച്ചു.മദ്യം കൊണ്ട് എല്ലാവും തന്നെ ഉപേക്ഷിച്ചിട്ടും അമ്മമാത്രം എന്നെ ഉപേക്ഷിക്കാതെ നിന്നു കാരണം അത് തന്റെ സ്വന്തം അമ്മയാണ് ആരെക്കെ വെരുത്താലും തന്റെ അമ്മയ്ക്ക് അവനെ മാറാക്കാൻ പറ്റില്ല അവസാന നിമിഷത്തിലും അവന്റെ അമ്മയുടെ ആ ഒരു ഒറ്റ കൈ അതു മാത്ര അവന് ഉണ്ടായിരുന്നൊള്ളും .

.നക്ഷത്ര

# ദുരന്ത ഭൂമി

കാടുകളും,മലകളും,പുഴകളും,വയലുകളുമൊക്കെ നിറ-
ഞ്ഞതായിരുന്നെൻ ഭൂമി മനുഷ്യർ വന്നതിൽ പിന്നെയാണ് എൻ ഭൂമി നഷിച്ചു
തുടങ്ങിയത്. അതിമനോഹരമായിരുന്നെൻ ഭൂമി.പച്ചപ്പുകൽ നിറഞ്ഞതായിരുന്നെൻ
ഭൂമി.കിടക്കുന്നു പാതിയിൽ കൂടുതൽ കാടുകൾ മുഴവൻ വെട്ടിത്തളിച്ചുകളഞ്ഞു
മനുഷ്യർ.എത്ര ശുദ്ധമായിരന്നെൻ വെള്ളം എല്ലാം നശിച്ചുപോയില്ലേ.പുഴകളിലെ
വെള്ളമൊക്കെ മണ്ണിട്ടു മൂടുകയും,വലിയ-വലിയ  കെട്ടിടങ്ങൾ നിർമിക്കുകയും
ചെയ്തു.മനുശ്യന്മാർ ക്രൂരതയും കൊലപാതകങ്ങളും കാണിച്ച്
നശിപ്പപിക്കുവാണെൻ ഭൂമിയെ. മനുശ്യർ പല-പല രോഗങ്ങൾ ഉണ്ടാക്കി
നശിപ്പിക്കുവാണെൻ ഭൂമിയെ.ഈ ദുന്ത ഭൂമിയിൽ കഷ്ടപ്പെട്ടാണ് ജീവജാലങ്ങൾ
ജീവിക്കുന്നത്.ഈ ദുരന്ത ഭൂമിയിലെ എല്ലാവരും നശിക്കും.ഈ ഭൂമി ഇപ്പോൾ തന്നെ
പ്രകൃതിയിൽ കൂടുതൽ നശിച്ചു ഉടനെ തന്നെ നശിക്കുമീ ദരന്ത ഭൂമി. ശുദ്ധവായുവാൽ
നിറഞ്ഞ ഭൂമിയിൽ ഇപ്പോൾ വിശവാദകങ്ങളാണ് പരക്കുന്നത്. നമ്മൾ ഭൂമിയെ
രക്ഷിക്കണം. നമ്മൾ ഒന്നായി പ്രവർത്തിക്കണം.നമ്മൾ ഒന്നായി പ്രവർത്തിച്ചാലെ-
യീ ദുരന്ത ഭൂമിയെ നമുക്ക് നന്നാക്കാൻ പറ്റു.
ഭാവി തലമുറകൾ ജീവിക്കേണ്ടതാണീ ഭൂമി
മനുഷ്യന്മാർ പരസ്പരം ദ്രോഹിക്കുവാണീ പ്രകൃതിയെ ദ്രോഹിക്കുവാണ്.
എല്ലാവരും ഒന്നായി കഴിയണം പരസ്പരം സ്നേഹിച്ച് കഴിയണം.

മുഹമ്മദ്ററി എഫ്

# മാറുന്ന പ്രപഞ്ചം

എന്തൊക്കെയാണ് നമ്മുടെ ഭൂമിക്ക് സംഭവിക്കുന്നത്
കുട്ടികളെ വഴി തെറ്റിക്കുന്ന വലകളുമായി കാത്തിരി
ക്കുകയാണ് ചിലന്തികൾ.മനുഷ്യരോട് സ്നേഹം
ഇല്ലാത്ത രീതിയിൽ മാറിയിരിക്കുന്നു ഭൂമി.
കൊലകളും കുറ്റങ്ങളും കൊണ്ട് ദുരന്തഭൂമിയാകുന്നു.
ഇതൊക്കെ മാറ്റാൻ ഒരാൾക്കെ കഴിയുകയുള്ളൂ
അത് നാം തന്നെയാണ്.
പക്ഷെ അതിനു നമ്മൾ പരിശ്രമിക്കുന്നില്ല....
നമിക്ക് ഒന്ന് ശ്രമിച്ചുകുടെ,നമ്മുടെ സുന്ദര ഭുമിയെ
തിരികെ കൊണ്ട് വരാൻ.
ആ പച്ചപ്പും,സ്നേഹവും കോണ്ട് വരാൻ
ശ്രമിച്ചുകുടെ.
ഈ ഭൂമി നമ്മുടെ സ്വത്താണ്
നമുക്ക് അതിനെ തിരികെ കൊണ്ട് വരേണം.
നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി ,
അതിനെ ദുരന്തഭൂമിയാക്കുരുതേ..
ആരെയും വിശ്വസിക്കാൻ പറ്റില്ല ഈ
കാലത്തിൽ എല്ലാത്തിലും ചതി ഉണ്ട്.
മരങ്ങളും സമുദ്രങ്ങലും നിറഞ്ഞ ഭൂമി,
അതു നമുക്ക് സ്വർഗ്ഗഭൂമി,
ചപ്പും ചവറും വലിച്ചെറിയാതെ
നമുക്ക് നമ്മുടെ ഭൂമി സ്വർഗ്ഗമാക്കാം.
നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി,

**അതിനെ ദുരന്തഭൂമിയാക്കരുതേ,**

**ദുരന്തഭൂമിയാവുന്ന നമ്മുടെ**

**നമുക്ക് തന്നെ രക്ഷിക്കാം.**

**നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി**

**അതിനെ ദുരന്തഭൂമിയാക്കരുതേ**

# സ്പോർട്സ്

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാകുകയുള്ളൂ.കായിക ശക്തി വർദ്ധിപ്പിക്കുന്നു.കായിക വിനോദങ്ങൾ നമ്മുടെ പേശികളെ ശക്തിപ്പെടുത്തുകയും നമ്മളെ ശക്തരാക്കുകയും ചെയ്യുന്നു.സ്പോർട്സ് ഒരാളെ ധീരതയും തന്റേടവും ഉള്ളവനാക്കി മാറ്റുന്നു. സ്പോർട്സ് ആത്മനിയന്ത്രണം ശീലിപ്പിക്കുന്നു.കളികൾ ചില നിയമങ്ങൾ അനുസരിച്ചാണ് കളിക്കുന്നത്.വിജയത്തിന്റെ അടിസ്ഥാനഘടകമായ കൂട്ടായ്മ അവ നമ്മളെ പഠിപ്പിക്കുന്നു.ഓരോരുത്തരും ടീമിനുവേണ്ടി കളിക്കണം.ഈ നിസ്വാർത്ഥതയും അച്ചടക്കവുമാണ് കായിക വിനോദങ്ങൾ നൽകുന്ന ഏറ്റവും വലിയ പ്രതിഫലം. ഒരു പരിധിക്കപ്പുറമായാൽ സ്പോർട്സ് ദോഷകരമായി മാറും.അതിന്റെ ഫലം ആശാവാഹമായിരിക്കില്ല.അത് സങ്കുചിത ദേശീയബോധം വളർത്തനിടയുണ്ട്.കളികളിൽ വിജയത്തേക്കാൾ പ്രാധാന്യം അവ കളിക്കുന്ന രീതിയാണ്.വെറുപ്പിനും പ്രതികാരത്തിനും സ്പോർട്സിൽ സ്ഥാനമില്ല.മനോഭാവത്തോടെ കളിക്കുമ്പോഴാണ് സ്ർപോർട്സ് ഗുണകരമായി മാറുന്നത്.

സിദ്ധാർത്ഥ് 10E

# മൗനം

നക്ഷത്രങ്ങളുടെ തിളക്കം അവളുടെ കണ്ണുകളിൽ പ്രതിബിംബിച്ചു. എന്തിനെയൊക്കെയോ നഷ്ടപ്പെടുന്ന തോന്നാൽ അവളിൽ ജന്മം എടിത്തു.എന്താണ് ആ നക്ഷത്രങ്ങളിൽ നോക്കുമ്പോൾ അവൾക്ക് നഷ്ടപ്പെടുന്നത്.തന്റെ ഏകാന്തത അവളിൽ ചിന്തകളും ആകാശം കീഴടക്കാൻ അവസരം കൊടുത്തു.

തന്റെ ജീവിതത്തിൽ പ്രധാനപ്പെട്ട എന്തൊ ഒന്ന് അവളിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നതായി അവൾ തിരിച്ചറിഞ്ഞു.തന്റെ മുഖം കണ്ണാടിയിൽ നോക്കുമ്പോൾ താനും അരുണുമായി സന്തോഷത്തോടെ നിൽക്കുന്ന രൂപമാണ്അവൾക്ക് അനുഭവപ്പെട്ടു.

ഇന്ന് അരുണിന്റെ തിരുപ്പട്ടമാണ് തന്റെ ജീവിതം അവൻ ദൈവത്തിനും ജനങ്ങൾക്കും വേണ്ടി മാറ്റി വച്ച ദിവസം.അരുൺ വൈദികനാകാൻ പഠിക്കുകയാണെന്ന് അറിഞ്ഞെങ്കിലും തന്റെയുള്ളിലെ പ്രണയത്തിന്റെ തീനാളം ഓരോ ദിവസം കഴിയും തോറും ദേത്രിയുടെ മനസ്സിൽ ആളികത്തുകയായിരുന്നു.

തനിക്ക് വരാത്ത ദൈവവിളിയെ അരുൺ നിർബന്ധപൂർവ്വം വിളിച്ചുവരുത്തുകയായിരുന്നു.

കുടുംബത്തിലെ പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള ഒരു വഴിയായി അവൻ വൈദിക പഠനത്തെ കണ്ടു. ദേത്രിയുടെ ജീവിതത്തിൽ വഴിതിരിവായിരുന്നു അരുണുമായുള്ള പ്രണയം.സേഹത്തിന്റെ കരുതലിന്റെ സന്തോഷം അവൾ അനുഭവുച്ചത് അവനിലുടെയായിരുന്നു.തിരുക്കു നിറഞ്ഞ മാതാപിതാക്കളുടെ ജീവിതം അവളിൽ മടുപ്പ് ഉളവാക്കി.

ആ ഒരു വാടി കൊഴിഞ്ഞ ചെടിയ്ക്ക് ജലത്തിൽ സ്പർശം എന്തുമാത്രം സന്തോഷം പകരുന്നുവോ അതുപോലെയാണ് ദേത്രിയ്ക്ക് അരുണും.അരുണിന്റെ  കണ്ണുന്നത് പോലും അവളിൽ സന്തോഷം പ്രകടമായിട്ടിലെങ്കിലും മനസ്സിൽ ഒരു കൊച്ചുകുട്ടിയ്ക്ക് വർണ്ണക്കടലാസിൽ പൊതിഞ്ഞ മിഠായി കാണ്ണുമ്പോഴുള്ള സന്തോഷമാണ് അവളിൽ ഉണ്ടായത്.പരസ്പരം കാന്തീകവലയത്തിൽ എന്നത് പോലെ അടുത്തത് ചേരാൻ

ഉഷഃകിരണങ്ങൾ

ആഗ്രഹിച്ചു.പരസ്പരം പ്രണയം പറഞ്ഞിട്ടില്ലെങ്കിലും അവരുടെ ഹൃദയങ്ങൾക്ക് പരസ്പരം നന്നായി അറിയാം ജീവനുതുല്യം ഇഷ്ടമാണെന്ന്.പ്രണയം പറഞ്ഞിട്ടില്ലെങ്കിലും അവരുടെയുള്ളിലെ സൗഹൃദമാണെന്ന് അവൾക്ക് വളരെ വ്യക്തമായി അറിയാം.

മൂന്നു വർഷം നീണ്ട പ്രണയം,പക്ഷേ അതിന് ലഭിച്ച പേര് സൗഹൃദമെന്നാണ്.ദേത്രിയുടെ മനസ്സിൽ അരുൺ വേരുറപ്പിച്ചു കഴിഞ്ഞു.സമൂഹവും കുടുംബവും എല്ലാം എതിർക്കുമെന്ന് അറിഞ്ഞിട്ടും തന്റെ പ്രണയം ഒരു നഷ്ടസ്വപ്നാവാൻ ദേത്രി ആഗ്രഹിച്ചില്ല.

എന്നാൽ ഇന്ന് അവൾ ഏകയാണ്.നഷ്ടങ്ങളുടെ കണക്കിൽ ആദ്യം അരുണാണ്.അവർക്കിടയിൽ സംഭവിച്ചത് എന്താണെന്ന് ഇന്നും അനൾക്ക് മനസ്സിലായിട്ടില്ല.എന്താണ് പിഴവ് സംഭവിച്ചത് ? എന്തിനാണ് പ്രശ്നം ഉണ്ടായത്? എല്ലാം ഒരു ചോദ്യചിഹ്നം മാത്രം ...... . എല്ലാത്തിനും അവസാനം അവൾ ചിന്തിക്കുന്നു `ഒന്നിച്ചാൽ മനോഹരമാകുന്നതിനെ മാത്രമേ ദൈവം വേർപിരികികാറുള്ളു'ആ ഒരു വാചകത്തിൽ അവൾ സമ്മാധാനം കണ്ടെത്തുന്നു.

ശ്രേയ 9A

# എന്റെ വിദ്യാലയം

അറിവിന്റെ പൂക്കൾ ഇതളിട്ട് വിടരുന്ന
അതിധന്യമാം എന്റെ വിദ്യാലയം.
കാലത്തിനപ്പുറം ഓർക്കുന്നു
ഞാനെന്റെ ചാരുതയാർന്നരാ
സ്കൂളിൽ മുഖം.
വിജനമായുള്ളൊരു പാതക്കരികിലായ്
ഓടു മേഞ്ഞൊരു വിദ്യാലയം.
അത്തിയും ചെത്തിയും ഞാവൽ മരങ്ങളും
കെട്ടുപിണയുന്ന വള്ളിച്ചെടികളും കായ്ച്ച്
നിൽക്കുന്നൊരു മാവുമുണ്ട്.
കൂട്ടമായെത്തുന്ന മാടപ്രാവുകൾ
കൂടിയിരിന്ന് കലപില കൂട്ടുന്ന മാടപ്രാവുകൾ
കൂടിയിരിന്ന് കലപില കൂട്ടുന്ന
ശാന്തമായുള്ളൊരെൻ വിദ്യാലയം.
ഓർമ്മകളുണർത്തുമെൻ വിദ്യാലയം.

ആസിഫ്ഖാൻ 9 ഇ

# എന്റെ ജന്മം

ഭഗവത് കരസ്പർശലാളന
മേറ്റുണ്ടായതാ മെന്റെ ജന്മം
സുന്ദര മോഹന ബാല്യ കാലത്തിലെ
നഷ്ട സമൃതികളിൽ ഞാൻ മറന്നു
ഇനിയൊരിക്കലും തിരിച്ചു കിട്ടാത്തൊരാ
ബാല്യത്തിൽ മാധുര്യം ഞാനറിഞ്ഞു
വർണ ശലഭമായി കൂട്ടുകാരോടൊപ്പം
പാറിപ്പറന്നു നടന്ന കാലം
പിന്നെപ്പതുക്കെയാ ആരാരുലോകത്തിൽ
നിന്നുമീ ജീവിത ക്ലേശങ്ങളായ്
എങ്കിലും ഭഗവാന്റെ കാരുണ്യം
എപ്പോഴും എന്നെ തുണച്ചിടുന്നു
അല്ലെങ്കിൽ ഈ മനോഹര
വിദ്യാലയത്തിൽ ഞാൻ എത്തില്ലല്ലൊ
ഇനിയുമൊരല്പം വസന്തങ്ങളിവിടെ
ചെലവഴിക്കാനെനിക്കാവുമൊ
ഇനിയുമൊരു ബാല്യമുണ്ടെങ്കിലീയുദ്യാന
വിദ്യാലയത്തിലെ ശലഭമായ് മാറണം
ഇവയെല്ലാമെൻ മനസ്സിലെ
സ്വപ്നങ്ങൽ മാത്രമായ് മാറാതിരുന്നെങ്കിൽ

അജിൻ

# പുഴ

ഒരിടത്ത് സുന്ദരിയായ ഒരു പുഴ ഉണ്ടായിരിന്നു.

ആ പുഴക്ക് ആ സ്ഥലം ഒന്ന് ചുറ്റിക്കറങ്ങണം എന്ന

ഒരു മോഹം ഉണ്ടായിരിന്നു.ഒരിക്കൽ പുഴ ഒഴുകി ഒരു

മരുഭൂമിയിൽ എത്തിച്ചേർന്നു. അവിടത്തെ മണൽ

ആപുഴയെ കുടിക്കാൻ തുടങ്ങി.പുഴക്ക് മണൽ കാരണം

നീങ്ങാൻ കഴിഞ്ഞില്ല.പൂഴ ദൂഃഖിക്കിച്ചു.അപ്പോൾ അതുവഴി

ഒരു കാറ്റ് കടന്ന് വന്നു.പുഴയുടെ ദുഃഖംകണ്ട് കണ്ട് കാറ്റിന്

ദയ തോന്നി. കാറ്റ് ചോദിച്ചു.നി നീരാവിയായാൽ നിന്നെ

ഞാൻ മരുഭൂമിയുടെ അപ്പുറത്തുള്ള കാട്ടിൽ കൊണ്ട് വിടാം.

പുഴ പറഞ്ഞു നീരാവിയാവാനോ എനിക്ക് പുഴയായിരിക്കാനാണ്

ഇഷ്ടം, അങ്ങനെ കുറേ കഴിഞ്ഞപ്പോൾ പുഴ നീരാവിയാവാൻ തന്നെ തീരുമാനിച്ചു.കാറ്റ്

പറഞ്ഞത് പോലെ പുഴയെ ആ

കാട്ടിൽ കൊണ്ട് പോയി.കാട്ടിൽ പോയ നീരാവി മഴയായി പെയ്തു

മുൻബ് നിന്ന പുഴയെക്കാൾ സുന്തരിയായ പുഴയായി അവിടെ

ജീവിച്ചു.

അക്ഷയ്8B

# സ്നേഹം വിളമ്പിയ കൈ

ഒരു ദിവസം ഞാൻ കട്ടിലിൽ ഇരുന്ന് ഫോണ് നോക്കുകയായിരുന്നു.അമ്മയും അച്ഛനും എന്നെ ആഹാരം കഴിക്കാൻ വിളിച്ചു പക്ഷെ ഞാൻ ഫോണിൽ മുഴുകി ഇരുക്കുകയായിരുന്നു.അച്ഛൻ വന്ന് ഫോണ് പിടിച്ചു വാങ്ങി പൊട്ടിച്ച് കഴഞ്ഞു.ഞാൻഅച്ഛനോടും അമ്മയോടും ദോഷ്യപ്പെട്ട് അവിടെ നിന്ന് ഇറങ്ങിപോയി.അവർ എന്നെ കഷ്ടപെട്ടാണ് വളർത്തിയത് എന്നെ പോലും ഞാൻ ഓർത്തില്ല.ഞാൻ രണ്ടു ആഴ്ചയോളം എന്റെ കൂട്ടുകാരന്റെ വീട്ടിലായിരുന്നു.എന്റെ അച്ഛനും അമ്മയും എത്രത്തോളം വിഷമിച്ചെന്നു എനിക്കറിയില്ല.അമ്മ എനിക്ക് എത്ര തവണ ആഹാരം സ്നോഹത്തോടെ വിളമ്പിയിട്ടുണ്ടെന്നൊ,അച്ഛൻ എത്ര തവണ എനിക്ക് സ്നോഹപൂർവ്വം ഉമ്മ തന്നിട്ടുണ്ടെന്നും ഞാനോർത്തില്ല.
അങ്ങനെയിരിക്കെ ഒരു ദിവസം എന്റെ ഒരു കൂട്ടുകാരി എന്നെ വിളിച്ചു.ഞാൻ ചോദിച്ചു.എന്താ വിസ്മിത കാര്യം . അച്ഛൻ ഹൃദയാഘാതം സംഭവിച്ചു നീ പെട്ടെന്ന് വാ.ഇത് കേട്ടതും എന്റെ നെഞ്ച് പിടഞ്ഞു.ഞാൻ ഓടി അടുത്തുള്ള ജനറൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന അച്ഛനെ കാണാനായി പോയി.പക്ഷെ എല്ലാം വിപരീതപരമായിട്ടാണ് സംഭവിച്ചത്.അച്ഛനെന്നെ കാണണ്ട എന്നാണ് പറഞ്ഞത്.ഞാൻ കാര്യം വിസ്മിതയോട് തിരക്കി.നിന്റെ അമ്മ മരിച്ചു പോയി അഭിനവ്.ഇത് കേട്ടതും എന്റെ ഹൃദയം എരിഞ്ഞ് തീരുന്നതായി തോന്നി.ഞാൻ ബോധരഹിതനായി നിലത്തുവിണു.കുറച്ചു മണിക്കൂർ കഴിഞ്ഞപ്പോൾ എനിക്ക് ബോധം തെളിഞ്ഞു.

**എന്റെ ഉളള് എരിഞ്ഞ്,കരിഞ്ഞ് ഇല്ലാതായി തീർന്നു.എനിക്ക് കരച്ചിലടക്കാൻ കഴിഞ്ഞിരുന്നില്ല.എന്റെ അമ്മ എന്നെ കാണാതെ,മിണ്ടാതെ,ആഹാരം വിളമ്പാൻ കഴിതെ,ആഹാരം ഞാൻ കഴിച്ചോ എന്നറിയാതെ,അമ്മ ആഹാരം കഴിക്കാതെ വിഷമത്താൽ ആത്മഹത്യ ചെയ്ത്താണ് എന്നറിഞ്ഞപ്പോൾ എനിക്ക് മരിക്കണം ആഗ്രഹം വന്നു.അവസാനമായി എന്നെ ഒരു നോക്ക് കാണാതെ,എനിക്ക് സ്നേഹം മാത്രം പിന്നെയും സ്നേഹം വിളമ്പാൻ കഴിയാതെ എന്റെ അമ്മ ലോകത്തോടു വിട പറഞ്ഞിരിക്കുന്നു.**

**അന്ന് രാത്രി ഞാനെന്റെ മരണകുറിപ്പ് എഴുതി വച്ചു.എന്റെ അച്ഛാ മാപ്പ് അർഹിക്കാത്ത തെറ്റാണ് ഞാൻ ചെയ്ത് എന്നോടു ക്ഷമിക്കണം. അച്ഛാ ഞാൻ അമ്മയുടെ അടുത്തേക്ക് പോകുന്നു.ക്ഷമിക്കണം അച്ഛാ മാപ്പ്,മാപ്പ്,മാപ്പ്,........ . അഭിനവ് 9A**

# പത്രങ്ങളുടെ പ്രാധാന്യം

ലോകമെമ്പാടും നടക്കുന്ന സംഭവങ്ങൾ അറിയാൻ സാധാരണക്കാരനെ സഹായിക്കുന്ന ജാലകമാണ് പത്രം.അത് മനുഷ്യന്റെ സാമൂഹികവും രാഷ്ട്രയപരവുയായ കാഴ്ചപ്പാടുകളെയും സ്വാധീനിക്കുന്നു.
ആധുനിക ലോകത്ത് ടെലിവിഷനും റോഡിയോയും പത്രങ്ങളേക്കാൾ വേഗത്തിൽ വാർത്തകൾ നമ്മളിലെത്തിക്കുന്നു.എന്നാൽ വാർത്തകളുടെ വിശദാംശങ്ങൾ നൽകുന്നത് പത്രങ്ങളാണ്.കൂടാതെ അവ വില കുറഞ്ഞതും ആരുടേയും സാമ്പത്തിക പരിമിതികളിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. വാർത്തകൾക്കു   പുറമേ പത്രങ്ങളിൽ സമകാലികമായ പല വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളുണ്ടാകും.ഉങ്ങനെ വായനക്കാർക്ക് വിജ്ഞാനം പകരുന്ന പംക്തികൾ എഡിറ്റോറിയൽ പേജിലാണ് ഉൾപ്പെടുത്തുന്നത്.
ഒരു പരസ്യമാധ്യമെന്ന നിലയ്ക്ക് പത്രം ടെലിവിഷനേക്കാൾ ചെലവു കുറഞ്ഞതാണ്.വായിക്കുന്നവരുടെ എണ്ണം കണക്കിലെടുത്താൽ പത്രങ്ങളിലെ ക്ലാസിഫൈഡ് അഡ്വർട്ടൈസ്മെന്റ് കോളം ഏറ്റവും ചെലവു കുറഞ്ഞ പരസ്യമാർഗ്ഗമാണെന്ന് പറയാം.തീവണ്ടി സമയം,വിമാനം റദ്ദാക്കിയ വിവരം മുതലായ പത്രങ്ങളിൽ വരുന്ന വിവരങ്ങൾ സാധാരണക്കാർക്ക് വളരെ ഉപകരപ്രദമാണ്.
**ഇന്ന് മിക്കവാറും പത്രങ്ങളും വ്യവസായികളുടെയോ രാഷ്ട്രപാർട്ടികളുടെയോ നിയന്ത്രണത്തിലാണ്.ഉടമസ്ഥരുടെ താൽപരയങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി അവ പലപ്പോഴും സത്യത്തെ വക്രീരീക്കാറുണ്ട്.അതുകൊണ്ട് ഒരു വാർത്തയെക്കുറിച്ചുള്ള സത്യമറിയുവാൻ ഒന്നിൽ കൂടുതൽ പത്രങ്ങൾ വായിക്കേണ്ടതായി വരും. ഇത് പത്രങ്ങളുടെ ഒരു ന്യൂനതയായി തോന്നാമെങ്കിലും ഇതു തന്നെയാണ് ടെലിവിഷൻ ചാനലുകളുടെയും സ്ഥിതി.**

**ഇർഫാൻ 9C**

# ദേശീയ ചിഹ്നങ്ങൾ

ദീർഘചതുരാകൃതിയിലുള്ള ഇന്ത്യൻ പാതകളുടെ നീളവും വീതിയും 3:2 എന്ന അനുപാതത്തിലാണ് വെള്ളഭാഗത്തിന്റെ നടുക്ക് ചെയ്യുന്ന നാവിക നീല നിറത്തിലുള്ള ഒരു അശോകചക്രമുണ്ട്.ഈ ചക്രത്തിന് 24 ആരക്കാലുകളുണ്ട്.സാരനാഥിലെ അശോകസ്തംഭത്തിൽ നിന്നാണ് ധർമ്മചക്രം അഥവാ അശോകചക്രം സ്വീകരിച്ചിരിക്കുന്നത്.പതാകയുടെ കരടുരൂപം തയ്യാറാക്കിയത് പിംഗാലി വെഹ്കയ്യയാണ്.1947 ജൂലൈ 22 ന് ഭരണഘടനാ നിർമ്മാണ സഭ ഈ മാതൃകയ്ക്ക് അംഗീകാരം നല്കി ദേശീയപതാക ആദ്യം ഉയർത്തിയത് മാഡം ബിക്കാജി കാമയാണ്(1947-ൽ).

ശ്രീബുദ്ധൻ ആദ്യോപദേശം നൽകിയ സാരനാഥിൽ അശോകചക്രവർത്തി പണി കഴിപ്പിച്ച സ്തംഭത്തിൽ നിന്നുമാണ് ദേശീയമുദ്ര എടുത്തിട്ടുള്ളത്.1950 ജനുവരി 26 നാണ് ദേശീയമുദ്ര ഗവൺമെന്റ് അംഗീകരിച്ചത്.ദേശീയമുദ്രയുടെ ചുവട്ടിലായി മുണ്ഡകോപനിഷത്തിൽ നിന്നെടുത്ത `സത്യമേവ ജയതേ' എന്ന മന്ത്രം കൊത്തിവച്ചിട്ടുണ്ട്.ധർമ്മ ചക്രത്തിന്റെ ഇരുവശങ്ങളിലുമായി കാളയുടേയും കുതിരയുടേയും രൂപങ്ങൾ കാണുന്നു.

അമൽ 10E

# കടലോരത്ത് ഒരു ബാലൻ

എക്കാലത്തെയും മികച്ച ഡോവിയറ്റ് ബാലസാഹിത്യ ക്ലാസിക്കായ നീക്കോലായ് ദുബൊവ് എഴുതിയ കടലോരത്ത് ഒരു ബാലൻ എന്ന കഥാസാഹിത്യത്തിന്റെ ആസ്വാതനക്കുറിപ്പ്.

സഷൂക്ക് എന്ന ബാലന്റെ ജീവിതാനുഭവങ്ങളാണ് കവി പങ്ക് വക്കുന്നത്. കുറേ കാപാത്രങ്ങൾ അടങ്ങിയ ഒരു മനോഹാരിതയും രസകരവുമായ കഥ. സഷൂക്കു വീട്ടുകാരും കടലിന്റെ അടുത്തുള്ള കുടിലിലേക്ക് മാറുകയാണ്.ആദ്യമായി കടൽ കാണുന്നതിന്റെ ആകാംഷയിലാണ് സഷുക്ക്.പോകുമ്പോൾ ബൂം എന്ന നായക്കുട്ടിയെ കൊണ്ട് പോകാൻ അമ്മ സമ്മതിക്കാഞ്ഞിട്ടും ഇവാൻ ദനീലോവിച്ച് സമ്മതിക്കുകയുണ്ടായി. കുറെ നല്ല കാഴ്ചകൾ ആ യാത്രയിലൂടെ കാമുകയുണ്ടായി.യാത്രയുടെ ഇടയിൽ സിമോൺ അമ്മാവൻ കടൽ ഒരു അടിയില്ലാത്ത ഗർത്തമാണെന്ന് പറഞ്ഞതിനെ പറ്റി അവൻ ആലോചനയിൽ മുഴുകി. പാതിരാ തെളിഞ്ഞപ്പോൾ അവർ പുതിയ ഗ്രാമത്തിൽ എത്തി. ഒരു കടലിന്റെ അടുത്താണ് അവരുടെ കുടിൽ.ഷോർക്ക എന്ന കൊള്ളക്കാരന്റെയടുത്ത് പോകണ്ടാ എന്നാണ് അമ്മ ആഗ്നാപിച്ചിരിക്കുന്നത്.രാവിലെ എല്ലാവരും മീൻ പിടിക്കാനിറങ്ങി അമ്മ പാചകത്തിലാണ്.സഷൂക്ക് ഉറക്കം എഴുന്നേറ്റപ്പോൾ അവർ മീൻ പിടിക്കാൻ പോയി എന്നറിഞ്ഞ്

അവൻ കടലന്വേഷിച്ചു പുറപ്പെട്ടു. കറച്ച് കഴിഞ്ഞ് പ്രാതൽ കഴിഞ്ഞ് വന്നപ്പോൾ മീൻകാരത്തി വീട്ടിലെ മീൻ അവൻ എടുത്തു.അതിന്റെ ഭാരം താങ്ങാനാവാതെ അവൻ വീണു. അതിന്റെ ചിതമ്പൽ കോണ്ട് വയർ ഉരഞ്ഞു. സങ്കടം അടക്കിപ്പിടിച്ചു.കുറച്ച് കഴിഞ്ഞപ്പോൾ ഷോർക്ക അവനെ കൺവയിൻ ബെൽറ്റിലൂടെ യാത്ര ചെയ്യിപ്പിച്ചു.അപ്പോൾ ഒരു അപരിചിതൻ അവനെ തറയിലിറക്കി.വീട്ടിലേക്കോടി.പിഞ്ഞെ അവർ ഷോർക്കയുടെ കൂടെ നീന്താൻ പോയി.അത് ഒരു നല്ല അനുഭവമായിരിന്നു

വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ

ഉഷഃകിരണങ്ങൾ

ഷോർക്ക കോള്ളക്കാരനാണെന്ന് വിചാരം അവന് ഉണ്ടായിരിന്നു.ഷോർക്കയോട് ഒരു അകൽച്ച ഉണ്ടായിരിന്നു.പക്ഷെ
അയാൾ അത് മാറ്റി.
ഒരു രാത്രി എല്ലാവരൂം ഉറങ്ങുമ്പോൾ ഇരുട്ടിൽ അവിടെ ഉണ്ടായിരിന്ന ഒരു നാവികരുടെ ഗോപുരത്തിൽ അവൻ പോയി.പക്ഷെ അവിടെ എത്തിയപ്പോൾ ഭയം തോന്നി. രണ്ടു നാവികമ്പേനകൾ അവിടെ വെളുക്കുവോളം ഇരുത്തി.രസകരമായ നിമിഷങ്ങളായിരിന്നു അത്.
അടുത്ത ദിവസം കടലിൽ ചെന്നിരുന്നപ്പോൾ ഒരു വിനോദ യാത്രക്ക് തന്റെ കുടുംബത്തെയും കൂട്ടിവന്ന അപരിചിതനെയും കുടുംബത്തെയും പരിചയപ്പെട്ടു.ആന്യയുടെ അമ്മക്ക് അവനെ ഇഷ്ടപ്പമായിരില്ല.ഷകാരിച്ചും ശാസിച്ചും അവളുമായി കുറെ രസകരമായ നിമിഷങ്ങൾ പനങ്കിട്ടു.
അവരുടെ കാർ അവന്റെയൊരു ചുവന്ന സ്വപ്നമായിരിന്നു. അതിൽ കയറണമെന്ന വലിയ ആഗ്രഹവുമായി അവസാനം അവൻ അതിൽ കയറി.ഒരുപാടിഷ്ടമായിസ്ത്യക്കരു ദിവസം നാസ്ത്യക്ക് വയ്യാതായി, അവളെ ആ കാറിൽ ആശുപത്രിയിലേക്ക്  കോണ്ട് പോയി.അവളെ അവിടെ കിടത്തി.പെട്ടെന്ന് ഒരു ദിവസം അവർ അവിടെന്ന് പുറപ്പെട്ടു.
അവൾക്ക്  അവൻ കോടുത്ത ഞണ്ടും,സ്ഥടികഗോളവും ആ സ്രീ നഷിപ്പിച്ചു.എല്ലാം ഓർമ്മകളാക്കി അവർ പോയി.വീട്ടി. വന്നപ്പോൾ
ബൂമിനെ ഷ്രദ്ദിക്കാതെ തിന്നാൻ അവന് കുറ്റ ബോദം തോന്നി. ബൂം ഇഗ്നാതിന്റെ ബൂട്ടിൽ ചെന്ന് മുട്ടിയത് കൊണ്ട് തൊഴിച്ച് മാറ്റിയതോടെ അവൻ മരിച്ചു.സഷൂക്കിന് വിഷമവും ആരുമില്ലാത്തതിന്റെ തോന്നലും എല്ലാം മനസ്സിലേക്ക് കടന്ന് കയറി.ഇഗ്നാതിന്റെ ജോലിയിൽ നിന്ന് മാറ്റി.

കാർത്തിക 8D

## വി പി എസ് മലങ്കര എച്ച് എസ്  എസ് വെങ്ങാനൂർ

# ശാസ്ത്രം-മനുഷ്യന്റെ സുഹൃത്ത്

ഇത് ശാസ്ത്രത്തിന്റെ യുഗമാണ്.ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ച യന്ത്രങ്ങളും സാമഗ്രികളും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുകയും എളുപ്പമുള്ളതാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.അത് മനുഷ്യന് വിശാലമായ വിനോദസാധ്യതകൾ പ്രദാനം ചെയ്തിരിക്കുന്നു.അത് ദൂരങ്ങളുടെ ദൈർഘ്യം ഗണ്യമായി കുറച്ചിരിക്കുന്നു.വൈദ്യരംഗത്ത് ശാസ്ത്രം അത്ഭുതങ്ങൾ തന്നെ സൃഷ്ടിച്ചിരിക്കുന്നു.മനുഷ്യായുസ് ഗണ്യമായി വർദ്ധിക്കുകയും മർണനിരക്ക് കുറയുകയും ചെയ്തിരിക്കുന്നു.ഈ അർത്ഥത്തിൽ ഷാ,ിർതേരം മനുഷ്യന്റെ സുഹൃത്താണ്.

എന്നാൽ വിനാശകരമായ കണ്ടുപിടുത്തങ്ങളുടെ പേരിൽ ശാസ്ത്രം അധിക്ഷേപിക്കപ്പെടുന്നു.യുദ്ധമുണ്ടാക്കുന്നതിനും നാശം വാിതാക്കുന്ന ആ യുദ്ധങ്ങൾ നിർമ്മിക്കുന്നതിനും മനുഷ്യനെയാണ് കുറ്റപ്പെടുത്തേണ്ടത്.ശാസ്-ത്രത്തിന്റെ സഹായമില്ലെങ്കിൽ നമ്മുക്ക് ജീവിതം വിരസവും കൂടുതൽ കഠിന്യമുള്ളതുമായി തീരുമായിരുന്നു.മനുഷ്യന്റെ നന്മക്കുവേണ്ടി ശാസ്ത്രത്തെ ഉപയോഗിക്കുമ്പോൾ നാം ശ്രദ്ധിക്കണം.

മയൂഖ 9A

# രക്ഷിക്കാം ഭൂമിയെ

മരിക്കുകയാണെൻ ഭൂമി
മരിക്കുകയാണെൻ ഭൂമി
മനുഷ്യരെ നിങ്ങളൊന്നും കാണുന്നില്ലയോ
ഈ നാടിനെ കാക്കുവാൻ എൻ ഭൂമിയെ കാക്കുവാൻ
ഒത്തുചേരാം നമുക്കൊത്ത് ചേരാം
മണ്ണിനെ കാക്കുവാൻ
വിണ്ണിനെ കാക്കുവാൻ
ഈ ലോകചരാചരങ്ങളെ കാക്കുവാൻ
നാടിനെ രക്ഷിക്കുവാൻ, എൻ ഭൂമിയെ രക്ഷിക്കുവാൻ
ഒത്തുചേരാം നമുക്കൊത്ത് ചേരാം
വീണ്ടെടുക്കാം നമുക്ക് വീണ്ടെടുക്കാം
നമ്മുടെ പൂർവികരുടെ ഭൂമിയെ വിണ്ടെടുക്കാം
മായമില്ലാ ലോകത്തെ,പ്ലാസ്റ്റിക്കില്ലാ ലോകത്തെ
വീണ്ടെടുക്കാം നമുക്ക് വീണ്ടെടുക്കാം
ഒത്തുചേരാം നമുക്ക് ഒത്തുചേരാം
ഈ ദുരന്തഭൂമിയെ രക്ഷിച്ചീടാം
ഒത്തുചേരാം നമുക്കൊത്ത് ചേരാം
ഈ ദുരന്തഭൂമിയെ രക്ഷിച്ചീടാം.....

ദേവിക 8A

# അക്ബർ(1542-1605)

മുഗൾ ചക്രവർത്തി.ജനനം 1542 നവംബർ 23 ന് സിന്ധിലെ അമർകോട്ടിൽ.13ാം

വയസ്സിൽ ചക്രവർത്തിയായി സ്ഥാനമേറ്റു.

പ്രസിദ്ധ പേർഷ്യൻ പണ്ഡിതനായിരിന്നു. മീർ അബ്ദുൾ ലത്തീഫ്

എന്ന ഗുരുനാതിൽ നിന്നും മതസഹിഷ്ണുതയുടെ അടിസ്ഥാന

തത്വങ്ങൾ ഗ്രഹിച്ചു.ഭരണ സൗകര്യത്തിനായി രാജ്യത്തെ

പ്രവിശ്യങ്ങളും ജില്ലകളുമായി വിഭചിച്ചു.ഭുരഭിഷ്പാരങ്ങൾ നടപ്പിലാക്കി.

തപാൽ സുമ്പതായം പരിഷ്കരിച്ചു വാണിജ്യവും വ്യവസാകവും

അഭിവദ്യപ്പെടുത്തി. സ്വർണ്ണം വെള്ളി ചെമ്പ് നാണയങ്ങൾ അടിച്ചിറക്കി.

സതി സാമ്പതായവും,ശൈഷവ വിവാഹവും നിരോധിച്ചു.വിധവാ വിവാഹം

അനുവധിച്ചു. വിദ്യാഭ്യാസം സാഹിത്യം കലകൾ എന്നിവയെ

പ്രോൽസാഹിപ്പിച്ചു.മതസാഹിഷ്ണുത പുലർത്തി. മതനികുതി ഒഴിവാക്കി.

**സർവതസാരം എന്നു പറയാവുന്ന ദീൻ-ഇലാഹി എന്നു പുതിയ മതത്തിന് ജന്മം നൾകി**

**നിര്യാണം-1605 ഒക്ടോബർ**

**ആദിത്യൻ** 7c1

# ഉതകമണ്ഡലത്തിലേക്ക് ഒരു യാത്ര

മെയ് മാസം ചുട്ടുപോള്ളുന്ന മലപ്പുറം ചൂടിൽ നിന്ന് മോചനം ലഭിക്കുന്നതിനായി ഊട്ടിയിലേക്ക് ഒരു യാത്ര പോയാലോ എന്നാലോചിച്ചു.ഗൂഗിൾ മാപ്പിൽ നോക്കിയപ്പോൾ മലപ്പുറത്ത് നിന്ന് ഊട്ടിയിലേക്ക് വെറും 5 മണിക്കൂർ മാത്രം. അങ്ങനെ ഊട്ടി ട്രിപ്പ് ഓൺ എന്ന് കരുതി.അങ്ങനെ ആ ദിവസം ആഗമിച്ചു,രാവിലെ ആയപ്പോൾ അമ്മ പറഞ്ഞു  നമുക്ക് ഇന്ന് പോകണോ? അപ്പോൾ എനിക്ക് വിഷമം വന്നു. പക്ഷെ ഞാനും അച്ഛനും ട്രിപ്പിന് റെഡിയായിരിന്നു. പിന്നെ ഞാൻ അമ്മയുടെ അടുത്ത് ചെന്ന് കാലുപിടിച്ചു പറഞ്ഞു,നമുക്ക് പോകാം എന്ന്. അപ്പോൾ അമ്മ യാത്രക്ക് സമ്മതിച്ചുു.വേകം കുളിച്ച് ഭക്ഷണമെല്ലാം കഴിച്ച് ഞങ്ങൾ കാറിൽ കയറി ആദ്യം ഞങ്ങളെ വരവേറ്റത് നാടുകാണി ചുരമാണ് നാടുകാണി ചുരത്തിലൂടെ പോകുമ്പോൾ രണ്ടുവഷത്തിം മുർച്ചയേറിയ പാറകളും വലിയ മരങ്ങളുമാണ് പിഞ്ഞെ എയർപ്പിന്നുകളും എനിക്ക് വളരയേറെ ഇഷ്ടപ്പെട്ടു.ഓൺ ദ വേയിൽ ഒരു ഹോട്ടൽ കണ്ടു അവിടെ ഭക്ഷണം കഴിക്കാനായി കയറി . അവർ ഭക്ഷണം പാകം ചെയ്യുന്നതും സെർവ് ചെയ്യുന്നതും കളിമൺ പാത്രത്തിലാണ്.പിന്നെ അവിടെ നിന്ന് അതി രുചികരമായ കലം ചാ കുടിച്ചു,അതു തണുപ്പിൽ ഞങ്ങൾക്ക് ഒരു ചൂട് നൽകി.അങ്ങനെ

ഞങ്ങൾ ഊട്ടിയിലേക്ക് വീണ്ടും യാത്ര തിരിച്ചു.അങ്ങലെ ഞങ്ങൾ നീണ്ട യാത്രക്ക് ശേഷം ഉതകമണ്ഡലത്തിലെത്തിച്ചേർന്നു.വന്ന യാത്രക്ഷീണത്തിൽ നല്ലതു പോലെ ഉറങ്ങി.ഉറങ്ങി എണീറ്റപ്പോൾ രാത്രി ആയിരിന്നു. നല്ല വിഷപ്പായതിനാൽ കഴിക്കാൻ പോവാനായി തീരുമാനിച്ചു.അച്ഛൻ കാൻഡിൻ ലൈറ്റ് ടിന്നറായാലോ എന്ന അഭിത്രായത്തിന് ഞാനും അമ്മയും പിൻതുണ നൽകി.

അർജ്ജുൻ 10c

# രുചിവൈകല്യം

ബനാറസ് എന്ന രാജ്യം ഭരിച്ചിരുന്ന ബുദ്ദിമാനായ ഒരു രാജാവുണ്ടായിരിന്നു.പ്രായം കൂടുതലായപ്പോൾഅദ്ദേഹം ക്ഷീണിതനായി രിന്നു.മകനെ അടുത്ത അവകാഷി ആക്കണം.മകന്റെ ക്രൂര പ്രവർത്തന ങ്ങൾ ഓർത്ത് അദ്ദേഹത്തിന് വ്യസന്യം തോന്നി.
രാജാവ് രാജഗുരുവിനോട് പറഞ്ഞു അല്ലയോ ആചര്യാ സൽ ഗുണങ്ങൾ പഠിപ്പിച്ചാലും. എന്റെ സ്ഥാനത്ത് ഇരിക്കുവാൻ അവനെ യോഗ്യനാക്ക ണം.ദിവസങ്ങൾ കഴിഞ്ഞു ഒരു ദിവസം രീജാവും രാജകുമാരനും പൂന്തോട്ടത്തിൽ നടക്കുകയായിരിന്നു.ഒരു തളിരില എടുത്ത് രുചിച്ച് നോക്കുവാനായി പറഞ്ഞു.ഇല രുചിച്ച് കോക്കിയ രാജകുമാരൻ കാർക്കിച്ച് തുപ്പി.രാജഗുരു എമ്താണിത് ഇത്ര കയപ്പോ?എന്ത് ഇലയാണിത്? രാജഗുരു ക്ഷമയോടെ പറഞ്ഞു ഇളം ഇലക്ക് ഇത്ര കയപ്പാണെങ്കിൽ കുറച്ച് കൂടി കഴിഞ്ഞാൽ എന്തായിരിക്കും രാജഗുരു **നടന്നകന്നു.രാജകുമാരൻ പാഠവും പഠിച്ചു.**

**അഭിമന്യു** 7C1

# മാറുന്ന പ്രപഞ്ചം

എന്തൊക്കെയാണ് നമ്മുടെ ഭൂമിക്ക് സംഭവിക്കുന്നത്
കുട്ടികളെ വഴി തെറ്റിക്കുന്ന വലകളുമായി കാത്തിരി
ക്കുകയാണ് ചിലന്തികൾ.മനുഷ്യരോട് സ്നേഹം
ഇല്ലാത്ത രീതിയിൽ മാറിയിരിക്കുന്നു ഭൂമി.
കൊലകളും കുറ്റങ്ങളും കൊണ്ട് ദുരന്തഭൂമിയാകുന്നു.
ഇതൊക്കെ മാറ്റാൻ ഒരാൾക്കെ കഴിയുകയുള്ളൂ
അത് നാം തന്നെയാണ്.
പക്ഷെ അതിനു നമ്മൾ പരിഷ്റമിക്കുന്നില്ല....
നമിക്ക് ഒന്ന് ശ്റമിച്ചുകുടെ,നമ്മുടെ സുന്ദര ഭുമിയെ
തിരികെ കൊണ്ട് വരാൻ.
ആ പച്ചപ്പും,സ്നേഹവും കോണ്ട് വരാൻ
ശ്റമിച്ചുകുടെ.
ഈ ഭൂമി നമ്മുടെ സ്വത്താണ്
നമുക്ക് അതിനെ തിരികെ കൊണ്ട് വരേണം.
നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി ,
അതിനെ ദുരന്തഭൂമിയാക്കുരുതേ..
ആരെയും വിശ്വസിക്കാൻ പറ്റില്ല ഈ
കാലത്തിൽ എല്ലാത്തിലും ചതി ഉണ്ട്.
മരങ്ങളും സമുദ്രങ്ങലും നിറഞ്ഞ ഭൂമി,
അതു നമുക്ക് സ്വർഗ്ഗഭൂമി,
ചപ്പും ചവറും വലിച്ചെറിയാതെ
നമുക്ക് നമ്മുടെ ഭൂമി സ്വർഗ്ഗമാക്കാം.
നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി,
അതിനെ ദുരന്തഭൂമിയാക്കരുതേ,

**ദുരന്തഭൂമിയാവുന്ന നമ്മുടെ**

**നമുക്ക് തന്നെ രക്ഷിക്കാം.**

**നമ്മുടെ ഭൂമി സ്വർഗ്ഗഭൂമി**

**അതിനെ ദുരന്തഭൂമിയാക്കരുതേ..**

**സിദ്ധാർത്ത് വിഷ്ണു 10D**

# മൗനം

നക്ഷത്രങ്ങളുടെ തിളക്കം അവളുടെ കണ്ണുകളിൽ പ്രതിഫലിച്ചു. എന്തിനെയൊക്കെയോ നഷ്ടപ്പെടുന്ന തോന്നൽ അവളിൽ ജന്മം എടുത്തു.എന്താണ് ആ നക്ഷത്രങ്ങളിൽ നോക്കുമ്പോൾ അവൾക്ക് നഷ്ടപ്പെടുന്നത്.തന്റെ ഏകാന്തയിൽ അവളിൽ ഏകാന്തത അവളിൽ ചിന്തകളുടെ ആകാഷം കീഴടക്കാൻ അവസരം കൊടുത്തു.

തന്റെ ജീവിതത്തിൽ പ്രതാനപ്പെട്ട എന്തോ ഒന്ന് അവളിൽ നിന്ന് നഷ്ടപ്പെട്ടുകോണ്ടിരിക്കുന്നതായി അവൾ തിരിച്ചറിഞ്ഞു. തന്റെ മുഖം കണ്ണാടിയിൽ നോക്കുമ്പോൾ താനും അരുണുമായി സന്തോഷത്തോടെ നിൾക്കുന്ന രൂപമാണ് അവൾക്ക് തോന്നിയത്. പക്ഷ ആ ചിത്രം ഇന്ന് വെറും ഓർമ്മ മാത്രമായി നിൾക്കുന്നത് അവൾക്ക് അനുഭവപ്പെട്ടു.

ഇന്ന് അരുണിന്റെ തിരുപട്ടമാണ്. തന്റെ ജീവിതം അവൻ ദൈവത്തിനും ജനങ്ങൾക്കും വേണ്ടി മാറ്റി വച്ച ദിവസം.അരുൺ വൈദികനാവാൻ പഠിക്കുകയാണെന്ന് അറിയാമെങ്കിലും തന്റെ ഉള്ളിലെ പ്രണയത്തിന്റ തീനാളം ഓരോ ദിവസം കഴിയും തോറും ദേത്രിയുടെ മനസ്സിൽ ആളിക്കത്തുകയായിരിന്നു.

തനിക്ക് വറാത്ത ദൈവവിളിയെ അരുൺ നിർബന്തപൂർവ്വം വിളിച്ചുവരുത്തുകയായിരിന്നു.കുടുംബത്തിലെ പ്രണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള ഒരു വഴിയായി അവൻ വൈദികപടനത്തെ കണ്ടു.ദേത്രിയുടെ ജീവിതത്തിലെ വഴിതിരിവായിരിന്നു അരുണുമായുള്ള പ്രണയം. സ്നേഹത്തിന്റെയും കരുതലിന്റെയും സന്തോഷം അവൾ അനുഭവിച്ചത് അവനിലൂടെയായിരിന്നു.തിരക്ക് നിറഞ്ഞ മാതാപിതാക്കളുചെ ജീവിതം അവളിൽ മടുപ്പ്  ഉള്ളവയാക്കി.

ഉഷഃകിരണങ്ങൾ

**ഒരു വാടി കോഴിഞ്ഞ ചെടിക്ക് ജലത്തിന്റെ സ്പർഷം എന്തുമാത്രം സന്തോഷം പകരുന്നുവോ അത് പോലെയാണ് ദേത്രിക്ക് അരുണും.**

**അരുണിനെ കാണുന്നത് പോലും അവളിൽ സന്തോഷം പകറുന്നതാണ്.**

**മുഖത്ത് ആ സന്തോഷം പ്രകടമായിട്ടില്ലെങ്കിലും മനസ്സിൽ ഒരു കൊച്ച് കുട്ടിക്ക് വർണ്ണ കടലാസിൽ പൊതിഞ്ഞ മിഠായി കാണുമ്പോഴുള്ള സന്തോഷമാണ് അവളിൽ ഉണ്ടായത്.പരസ്പരം ഒന്നും സംസാരിച്ചിട്ടില്ലെ ങ്കിലും അവരുടെ കണ്ണുകൾ പരസ്പരം കാന്തീകവലയത്തിൽ എന്നതുപോലെ എടുത്ത് ചേരാൻ ആഗ്രഹിച്പരസ്പരം പ്രണയം പറഞ്ഞിട്ടില്ലെങ്കിലും അവരുടെ ഹൃദയങ്ങൾക്ക് പരസ്പരം നന്നായി അറിയാം ജീവന് തുല്യം ഇഷ്ടമാണെന്ന്.പ്രണയം പറഞ്ഞിട്ടില്ലെങ്കിലും അവരുടെയുള്ളിലെ സൗഹൃദമെന്ന പറച്ചിൽ കള്ളമാണെന്ന് അവർക്ക് വളരെ വ്യക്തമായി അറിയാം.**

**മൂന്ന് വർഷം നീണ്ട പ്രണയം,പക്ഷെ അതിന് ലഭിച്ച പേര് സൗഹൃദം എന്നാണ്. ദേത്രിയുടെ മനസ്സിൽ അരുൺ വേരുറപ്പിച്ച് കഴിഞ്ഞു.**

**വിജിതമോൾ 11A**

# കെടാവിളക്ക്

അംബരകൊട്ടാരത്തിൻ നടുവില്

മേഘ രേഘലക്കപ്പുറം

കീറി മുറിച്ചെത്തും നീ സുര്യ രശ്മിയാൽ എൻ ആരാധ്യനായ ആദിത്യൻ

എൻ കെടാവിളക്ക്

ചരാചരങ്ങള് നിന്നില് അടിപതറും

ചാരമാകും നിൻ അഗ്നിയില് സദാ

വീരനായി നീ ജ്വലിക്കും സുര്യനേ

ബാഷ്പികരിക്കും നീ ധാത്രി നൻ കണ്ണീരിനെ

അമരും നിൻ ക്രോധത്തില് മാനവര്

**ജനപ്രിയൻ .എസ്     9D**

# അമ്മ എന്ന ദൈവം

അമ്മയെന്നാൽ ഐശ്വര്യത്തിന്റെയും പവിത്രത്തയുടെയും നോർക്കാഴ്ച്ചയാണ്.നമ്മുടെ ജീവിതത്തിൽ അമ്മയുടെ പങ്ക് വളരെ വലുതാണ്. പണ്ട് പണ്ട് ഒരു ദരിദ്രമായ് കുടുംബം ജീവിച്ചിരുന്നു.അമ്മയെയും മകനും അടങ്ങിയ കുടുംബം.ആ വിട്ടിലെ ഗ്യഹനാഥൻ മുമ്പേ മരിച്ചുപ്പോയി.ആ വിട്ടിലെ എല്ലാ കാര്യങ്ങളും  നോക്കുന്നത് അമ്മയാണ്. അമ്മയ്ക്ക് കാലിനും കൈക്കും ഒക്കെ തളർച്ചയാണ്.എന്നാലും ആ മകനെ നോക്കാൻ വേണ്ടി അമ്മ ഒരു ഒട്ടൊ ഒട്ടിക്കുന്ന അളാണ്.അമ്മ കഷ്ടപ്പെട്ടാൻ ആ മകനെ വളർത്തുന്നത്. അമ്മ ഒരു ഇശ്വരവിശ്വാസിയായിരുന്നു.ഇശ്വരന്റെ കാരുണ്യത്തിലാണ് ആ കുടുംബം ജീവിച്ച് പോക്കുന്നത്.അമ്മ അധ്വാനിച്ച് ഉണ്ടാക്കുന്ന കാഷ് കൊണ്ടാണ് ആ മകനെ പൊറ്റുന്നത്. മകനെ അമ്മ വളരെ പ്രിയപ്പെട്ട ആളായിരുന്നു.അമ്മയുടെ സ്നേഹം ആയിരുന്നു ആ മകന്റെ കരുത്ത് .ഒരു ദിവസം ഒരാള് അമ്മയുടെ ഒട്ടൊയിൽ കയറി.ആയാൾ എല്ലാ ദിവസവും അമ്മയുടെ ഒട്ടൊയിൽ കയറുമായിരുന്നു.പിന്നെയുള്ള ദിവസങ്ങിൽ അങ്ങനെ ഒരിക്കല്ല അയാൾ ഒട്ടൊയിൽ കയറി ഒരുപാട് സഞ്ചരിച്ചു.പെട്ടെന്ന് ആ ഒട്ടൊയുടെ മുന്നിൽ ഒരു കുഴി പ്രത്യക്ഷപ്പെട്ടു.അമ്മ പിന്നോട്ട് നോക്കിയപ്പോൾ അയാളെ കാണമാന്നില്ല.അമ്മയാകെ പെടിച്ചുപ്പോയി.അമ്മ ആ പ്രദേശം മുഴുവൻ നോക്കി പക്ഷെ അയാളെ കാണാൻ പറ്റില്ല.മുമ്പ് ഒരിക്കൽ അയാളെ അയാളുടെ സഞ്ചി മറന്നു വെച്ച പോയി.സത്യസന്ധത്തയോടുകൂടി അത് തിരിച്ചു കൊണ്ട കൊടുത്തു.ഇപ്പോൾ അമ്മ നോക്കിയപ്പോൾ പിന്നിൽ ഒരു കുടുക ഇരിക്കുന്നതുകണ്ടു.അമ്മ നോക്കിയപ്പോൾ അതിൽ മുഴുവൻ സ്വർണായിരുന്നു. അപ്പോഴാണ് അമ്മ മനസ്സിലാക്കിയത് ഇത്തുവരെ അമ്മയുടെ ഒട്ടൊയിൽ കയറിയത് ദൈവം ആണെന്ന്. സത്യസന്ധമായി ജീവിക്കുന്ന അമ്മയ്ക്ക് നൽകിയ സമ്മാനം ആണ് സ്വർണ നാണയങ്ങൾ.

അർജുൻ.എസഎട്ട് എ

# സാക്ഷരതയുടെ പ്രാധാന്യം

വിദ്യാസമ്പന്നരാണകരായ പൗരന്മാർ ഒരു രാഷ്ട്രത്തിന്റെ സമ്പത്താണ്.സാക്ഷരത ഒരു രാഷ്ട്രത്തെ സാമ്പത്തികവും ശാസ്ത്രീയവും സംസ്കാരികവുമായ പുരോഗതിക്ക് സഹായിക്കുന്നു.അത് സാമൂഹ്യതിന്മകളെ തുടച്ചു നീക്കാൻ സഹായിക്കുന്നു.ഏറ്റവും മികച്ച ഭരണക്രമം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ നിലനിൽപ്പിനും അത് അത്യന്താപേക്ഷിതമാണ്.

ജനാധിപത്യം വിജയിക്കണമെങ്കിൽ ജനങ്ങൾ ശരിയായ തെരെഞ്ഞടുപ്പ് നടത്തണം.വിദ്യാസമ്പന്നരായ ജനതയ്ക്ക് മാത്രമേ ഒരു വിദ്യാസമ്പന്നരായ ജനതയ്ക്ക്

മാത്രമേ ഒരു സർക്കാരിന്റെ നയങ്ങളെയും പദ്ധതികളെയും വിലയിരുത്താൻ കഴിയൂ. സാക്ഷരതതങ്ങളുടെ കടമകളേയും അവകാശങ്ങളേയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നു.

സാക്ഷരത ചൂഷണത്തെ തടയുക്കുകയും അതുവഴി സാമ്പത്തിക പുരോഗതിക്ക് സഹായിക്കുകയും ചെയ്യുന്നു.സാമൂഹ്യ തിന്മകളായ സ്ത്രീധനം,വർഗ്ഗീയത എന്നിവ ഒരു പരിധി വളരെ ഇല്ലാതാക്കാൻ സാധിക്കും.

ചുരുക്കുപ്പറഞ്ഞാൽ സുഖകരവും വിജയകരവുമായ ഒരു ജീവിതം നയിക്കാൻ സാക്ഷരത അത്യാവശ്യമാണ്.

അക്ഷയ് 8H

# സ്ത്രീകൾ തൊഴിൽ നേടണം

സ്ത്രീകൾ ഉദ്യോഗസ്ഥരാകേണ്ടേത് അത്യാവശ്യമാണ്.ഓരോ സ്ത്രീയും തനിക്കിണങ്ങുന്ന ഏതെങ്കിലുമൊരു ജോലി സ്വീകരിക്കണം.ഉദ്യോഗസ്ഥയായ സ്ത്രീയെ കുടുംബ കാര്യങ്ങളിൽ ശ്രദ്ധിക്കില്ല.ഒരു സ്ത്രീ ഒരിക്കലും കുടുംബിനി എന്ന നിലയിലുള്ള തന്റെ ഉത്തവാദിത്വങ്ങളെ അവഗണിക്കുകയില്ല.വീട്ടിൽ ക്ഷീണിച്ചെന്നത്തിയാൽ പോലും ഒരു സ്ത്രീ തന്റെ ഭർത്താവിനെയും മക്കളേയും പരിചരിക്കും വീടിനുപുറത്ത് ജോലിമെടുക്കാൻ ഒരു സ്ത്രീക്ക് അവകാശമുണ്ട്. പുരുഷന്മാർക്ക് ചെയ്യാൻ കഴിയുന്ന ഏത് ജോലിയും തങ്ങൾക്കും ചെയ്യാനാകുമെന്ന് ലോകമെമ്പാടുമുള്ള സ്ത്രീകൾ തെളിയിച്ചിട്ടുണ്ട്.

**തൊ**ഴിൽ ഒരു സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുക മാത്രമല്ല ജീവിതത്തെക്കുറിച്ച് വിശാലമായ ഒരു കാഴ്ചപ്പാടുണ്ടാക്കാൻ സഹായിക്കുകയും ചെയ്യുന്നു. വിഷമകരമായ ഒരു സാഹചര്യത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവൾ മനസ്സിലാക്കും.ആ നിലയ്ക്ക് വീട്ടിനകത്തും പുറത്തും ഭർത്താവിനോടൊപ്പം സുഖങ്ങളും ദുഃഖങ്ങളും പങ്കുവെയ്ക്കുന്ന ഒരു നല്ല പങ്കാളിയായി സ്ത്രീ മാറും.ഉദ്യോഗസ്ഥയായ ഒരു സ്ത്രീ തന്റെ കുടുംബത്തെ സന്തോഷവും സമൃദ്ധിയുള്ള ഒരിടമാക്കിത്തീർക്കും.

ശ്രീനാഥ് 8।

# ഇനി ആ തണലിൽ

അന്നാദ്യമായാണ് രാജു അതിരാവിലെ എഴുന്നേറ്റു.എഴുന്നറ്റ് ഉടൻ തന്നെ അവൻ അടുക്കളയിലേയ്ക്ക് ഓടി ചെന്ന് അമ്മയെ കണ്ടു.അമ്മ നൽകിയ ഉമിക്കരി കൊണ്ടുപോയി പല്ലുതേച്ചു.വേഗം തന്നെ കുളിയും കഴിഞ്ഞു.ഉള്ളിൽ ഏറ്റവും നല്ല വസ്ത്രം ധരിച്ചതിനുശേഷം വീടിന്റെ വാതിൽക്കൽ ചെന്നു നിന്നു.അവന്റെനിൽപു കണ്ടാലറിയാം ആരെയോ കാത്തു നിൽക്കുകയാണെന്ന്.അഞ്ചുവയസുകാരന്റെ ആ നിഷ്കളങ്കമായ കാത്തു നിൽപ്പ് കണ്ട മുത്തച്ഛൻ അവൻ എത്താറായോ എന്ന് ചോദിച്ചു.രാജു മറുപടി പറയാൻ തുടങ്ങിയപ്പോഴേക്കും അവിടെ ഒരു കാർ വന്നു.അതിൽ നിന്നും ഒരു മധ്യവയസ്കാൻ പുറത്തു വന്നു.രാജു ഓടി അദ്ദേഹത്തിന്റെ അടുത്തുചെന്ന് കെട്ടിപിടിച്ചു എന്നിട്ട് ചോദിച്ചു.അച്ഛാ എനിക്ക് കൊണ്ടുവന്ന സമ്മാനം എവിടെ.ആ സഞ്ചിയെടുത്ത് രാജുവിന് കൊടുത്തു.

ഇതെന്താ ചെടിയോ? രാജു ചോദിച്ചു.ഇതിന്റെ പേരെന്താണച്ഛാ?

ഇത് ചെടിയല്ല മകനെ വൃക്ഷതൈയ്യാണ്.ഇത് ഞാൻ എന്റെ ഓഫീസിൽ വച്ച് പൊടിപ്പിച്ചെടുത്തതാണ്.ഇത് ഒരുപാട് വലുതാകും,നമുക്ക് തണൽ നൽകും.മോൻ ഇന്നു തന്നെ ഇത് നടണം.

രാജു അച്ഛന്റെ സഹായത്തോടെ അത് അന്നു തന്നെ നട്ടു.

വർഷങ്ങൾ കടന്നു.രജു ഇപ്പോളൊരു ചെറുപ്പക്കാറനാണ്.അന്നത്തെ ആ വൃക്ഷതൈ ഇപ്പോളൊരു കൂറ്റൻ വൃക്ഷമായി നിൽക്കുകയാണ്.രാജുവിന്റെ ജീവിതത്തിൽ സംഭവിച്ചു.രാജുവിന് ഒരു ജോലി കിട്ടിയിരിക്കുകയാണ്.അച്ഛനെ പോലെ തന്നെ അവനും കൃഷിആഫീസിലാണ് ജോലി

രാജു ഇപ്പോൾ പഴയ രാജുവല്ല കൃഷിഓഫീസിർ രാജ്കുമാറാണ്.കൃഷിഓഫീസറാണെങ്കിലും രാജുവിന് കൃഷിയോടൊന്നും വലിയ താത്പര്യമില്ല.അവന് ജീവിക്കാനൊരു മാർഗ്ഗം മാത്രമായേ ഈ തൊഴിലിനെ കാണുന്നുള്ളു.അവൻ എങ്ങനെയെല്ലാം പണമുണ്ടാക്കാം എന്നു മാത്രമാണ്

ചിന്തിക്കുന്നത്.ആ ചിന്ത അവനെ പലകുരുക്കുകളിലും അകപ്പെടുത്തി.അവൻ അതിൽ നിന്നൊകെ പലവിധേന രക്ഷപ്പെട്ടു.

ഇപ്പോൾ പണമുണ്ടാക്കാനുള്ള വഴി തന്റെ അച്ഛന്റെ പത്തു സെന്റ് സ്ഥലത്ത് നട്ടുപിടിപ്പിച്ച് മരങ്ങളെല്ലാം വിൽക്കുക എന്നതാണ് അവൻ അച്ഛനെ എതിർത്തു കൊണ്ടായാലും തന്റെ പദ്ധതി നടപ്പാക്കും എന്ന നിലപാടിലാണ്.ഇതിനെ തുടർന്ന് അച്ഛനെ മകനും തമ്മിൽ വലിയ വഴക്കുണ്ടാവുകയാണ്.ഒടുവിൽ രാജുവിന് അച്ഛൻ സമ്മാനിച്ച വൃക്ഷത്തിന്റെ അവകാശവും പറഞ്ഞ് അത് മുറിച്ച് വിൽക്കുന്നു.

അഞ്ചുവയസുകാരൻ രാജുവിനും അവന്റെ അച്ഛനും ഏറെ അടുപ്പമുണ്ടായിരുന്ന ആ വൃക്ഷം ഇനിയില്ല.അതിനു കാരണക്കാരൻ രാജു തന്നെയാണല്ലോ എന്നോർക്കു-മ്പോൾ അച്ഛന് സഹിക്കാനാവാത്ത ദുഃഖമാണ്.ഈ ദുഃഖം അച്ഛനെ വല്ലാതെ വിഷമിപ്പിച്ചു.മകന്റെ ദുഷ്ടപ്രവർത്തിയെ കുറിച്ചോർത്തോർത്ത് അച്ഛൻ ഉറങ്ങി എന്നെന്നേയ്ക്കുമായുള്ള ഉറക്കം.

രാജുവിന്റെ ജീവിതത്തിലെ രണ്ടു തണൽമരങ്ങളും പോയിരിക്കുകയാണ്.ഇനി ആ തണലില്ല.

സാൻബോബി 9A

# കരുതൽ

താൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന അച്ഛനേയും അമ്മയേയും കാണാൻ കഴിയാതെ അവളുടെ പഠനത്തിനായി സ്വര വയനാട്ടിൽ ഒരു വാടകമുറിയിൽ താമസിക്കുകയാണ്.മാതാപിതാക്കളില്ലാത്ത വാഷയം ആരേക്കാളും അവൾക്കരിയാം. വീട്ടിൽ നിന്ന് അവളുടെ അച്ഛനും അമ്മയും നിറഞ്ഞ കണ്ണുകളോടെയാണ് ഉയർന്ന പഠനത്തിനായി അവളെ അയച്ചത്. ആ നിമിഷം എപ്പോഴും അവളുടെ മനസ്സിൽ വിങ്ങലായി നിറഞ്ഞുനിൽക്കുന്നു.പഠനം പൂർത്തിയാക്കി വീട്ടിൽ പോയാൽ മതി എന്നായി സ്വരയുടെ ചിന്ത അവളുടെ വിഷമം അവളുടെ വിഷമം അവളെ കരുതലിന്റെ തണലായ ആ കൊച്ചു വീട്ടിലേക്ക് ഓർമ്മകളുടെ പക്ഷിയായി കൊണ്ടുപോയി.അവളുടെ അനിയത്തിയുടെയും കാര്യത്തിൽ വളരെ ബോധവതിയാണ്.സ്വരയുടെ അനിയത്തിതഗിനി തന്റെ ചേച്ചിയേയും അമ്മയേയുംഅച്ഛനേയും സ്നേഹിച്ചു. സ്വരയും അതുപോലെ തന്നെ മക്കളുടെ ആവശ്യങ്ങളും ആവലാതികളും നടത്തിക്കൊടുക്കാൻ അവൻ നന്നായി പരിശ്രമിക്കും. മക്കൾക്കായി അവർ അവരുടെ കൊച്ചു കൂട് ഒരു സ്നേഹക്കൂടാക്കി മാറ്റി.സന്തോഷങ്ങൾ പങ്കിട്ടും സങ്കടങ്ങൾ പങ്കിട്ടും അവർ ആ സ്നേഹക്കൂട്ടിൽ ജീവിച്ചു.സ്വരയും രാഗിനിയും എപ്പോഴും മാതാപിതാക്കളെ വേദനിപ്പിക്കാതിരിക്കാൻ ശ്രദ്ധിച്ചു.എപ്പോഴും തന്റെ മാത്പിതാക്കളെ വേദനിപ്പിക്കരുത് അവരെ തനിച്ചാക്കരുത് എന്നെല്ലാമുണ്ടായിരുന്നു.ആ കരുതലിൽ തണൽ ഒരിക്കലും നശിക്കരുത് എന്നും ആഗ്രഹിച്ചു. പെട്ടെന്ന് സ്വര ഞെട്ടിയെഴുന്നേറ്റു തന്റെ ഓർമ്മകളിൽ നിന്ന്. താൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് തന്റെ മാതാപിതാക്കളെ തനിച്ചിക്കരുതെന്നാണ്.എന്നാലും രാഗിനി അവരുടെകൂടെയുണ്ടല്ലോ എന്നാലോചിച്ച് അവൾ സ്വയം ആശ്വസിക്കും.ഒരു സന്തോഷവും ഇല്ലാതെ അവൾ  പഠനത്തിൽ

**മുഴുകി. പഠിച്ച് മിടുക്കിയായി മാതാപിതാക്കളെ സന്തോഷിപ്പിക്കണം എന്നു മാത്രമാണ് ഇപ്പോൾ അവളുടെ ആഗ്രഹം.കരുതലിന്റെ തണിലേക്ക് തിരിച്ചുപോകണം എന്ന പ്രതിക്ഷയിലുടെ സ്വര ഇപ്പോഴും പഠനം തുടരുന്നു..... .**

**മുഹമ്മദ് അസ്ലാം 10E**

# ഇംഗ്ലീഷിന്റെ പ്രാധാന്യം

ഇംഗ്ലീഷ് ഒരു ആഗോളഭാഷയാണ്.ലോകമെമ്പാടുമുള്ള ഒരുപാട് രാജ്യങ്ങൾ ഈ ഭാഷ ഉപയോഗിക്കുന്നു.സ്വാതന്ത്ര്യത്തിനു മുമ്പ്,ഇംഗ്ലീഷ് ഇന്ത്യയിലെ ഔദ്യോഗിക ഭാഷയായിരുന്നു. ഇന്ത്യയിലെ ഒരു നല്ല പങ്ക് സ്കൂളുകളിലും അദ്ധ്യയനമാന്യമം ഇംഗ്ലീഷാണ്.ഇന്ത്യയിൽ ഭാഷയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്.

ഇംഗ്ലീഷിനെപ്പോലെ ഇന്ത്യയെ ഒരുമിപ്പിക്കാൻ മറ്റൊരു ഭാഷയ്ക്കും കഴിയില്ല.സംസ്ഥാനങ്ങൾ തമ്മിൽ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷയാണ് ഇംഗ്ലീഷ്.അന്താരാഷ്ട്രഭാഷയായ ഇംഗ്ലീഷിനെ അവഗണിക്കാൻ കഴിയില്ല.വിദേശരാഷ്ട്രങ്ങളിൽ ജോലി കണ്ടെത്താൻ ഇംഗ്ലീഷ് ഭാഷ അത്യാവശ്യമാണ്.

**മറ്റു രാഷ്ട്രങ്ങളിൽ  ഉത്ഭവിക്കുന്ന അറിവുകൾ കണ്ടെത്താനും ഇംഗ്ലീഷ് കൂടിയേ തീരൂ.എന്നാൽ ഇംഗ്ലീഷിന്റെ പ്രാധാന്യം അമിതമായ ഊന്നൽ ഇംഗ്ലീഷിന്റെ വളർച്ച പ്രാദേശിക ഭാഷകളുടെ വളർച്ചയ്ക്ക് തടസ്സമാകരുത്.**

**മാതൃഭാഷയാണ് നമ്മുടെ ആദ്യത്തെ ഭാഷ.മാതൃബാഷയ്ക്ക് അതിന്റേതായ സ്ഥാനം നൽകിയില്ലെങ്കിൽ മാറ്റിമാറിക്കും.അതിന്റെ ഫലം ദാരുണമായിരിക്കും.ഈയിടെയായി കാര്യങ്ങൾ ഈ വഴിക്കാണ് നീങ്ങുന്നത്.ഇത് മാറേണ്ടിയിരിക്കുന്നു.**

**ദിയ 8B**

# ദുരന്തം

ഇനിവേണ്ട ദുരന്തം
ദുരന്തത്തിലാഴ്ന്ന ഭൂമിയും,
ദുരന്തക്ലേശത്താൽ വലയും ജനവും,
ഈ ദുരന്തഭൂമിതൻ-
പതിവ് ചിത്രമായിടുന്നിതാ !
എന്തിനാണെന്തിനാണീ
ദുരന്തങ്ങളെല്ലാം ഈ ഭൂമിയിൽ
ഒന്നിനു പുറകേ ഒന്നായെത്തുന്നു ദുരന്തങ്ങൾ
ഓഖി കൊടുങ്കാറ്റു വിതച്ചുയേറെനഷ്ടം
അതിൽ നിന്ന് കരകയറും മുമ്പേ എത്തി
പ്രളയദുരന്തം പിന്നെയോ എത്രയോ-
ദുരന്തങ്ങളാഞ്ഞടിച്ചു ഈ ഭൂമിയിൽ
എന്തിനേറെ ചൊല്ലണം നമ്മെ കഷ്ട-
ത്തിലാക്കിയ വെള്ളപൊക്കവും.
സുനാമിയും പിന്നെ നമ്മൾ ഓമന
പ്പേരിടും കൊടുങ്കാറ്റുകളും ദുകന്തങ്ങളാണല്ലോ
നാമീ ഭൂമിയോട് ചെയ്യും ക്രൂരതകൾ
തൻ മറുപടിയാകുന്നീ ദുരന്തങ്ങൾ
**ദുരന്തങ്ങളെന്തിനാണിനി**

ഈ മനോഹര ഭൂമിയിൽ

ഹിരോഷിമ-നാഗസാക്കി യുദ്ധങ്ങൾ

ഏറെ ദുരന്തങ്ങൾ വിതച്ചതല്ലേ

ഇനിയൊരു ദുരന്തമുമീഭുമിയിലിനി

വേണ്ട നമുക്കൊരു ദുരിതവും വേണ്ട

**ദുരന്തമില്ലാ ഭൂമിയിൽ ഒരുമയായ് വാഴാം നമുക്ക്**

**വിസ്മയ 9B**

# ഏവർക്കും നന്ദി